Pathanamthitta MEDIA™ 10 December 2021

# വേമ്പനാട് കായലിൽ കക്ക പുനരുജ്ജീവന പദ്ധതി വൻ വിജയം; പ്രതിദിനം 10 ടൺ വിളവെടുപ്പ്



വേമ്പനാട് കായലിലെ കക്ക സമ്പത്ത്പുനരുജ്ജീവിപ്പിക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ശ്രമം വൻ വിജയം. കായലി ൽ കക്കയുടെ ലഭ്യത കുറഞ്ഞപശ്ചാത്തലത്തിൽ, കുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിച്ച്നടത്തിയ 'കക്ക പുനുരുജ്ജീവന' പദ്ധതിയിലൂടെ ഉൽപാദനം വർധിച്ചതായി കണ്ടെത്തി. വിളവെടുപ്പ്തുടങ്ങിയതോടെ, ചുരുങ്ങിയത് 10 ടൺ കക്കയാണ് തൊഴിലാളികൾ പ്രതിദിനം ഈ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്നത്. ഏകദേശം 1500 ടൺ കക്ക ഉൽപാദനമാണ്കുഞ്ഞുങ്ങളെ നിക്ഷേപി ച്ച ഭാഗങ്ങളിൽ നിന്ന് സിഎംഎഫ്ആർഐപ്രതീക്ഷി ക്കുന്നത്. ഇത്, നിക്ഷേപി ച്ച കുഞ്ഞുങ്ങളുടെ ഏഴിലധികം മടങ്ങ് വരും.

ജില്ലാപഞ്ചായത്തിന്കീഴിൽ ഫിഷറീസ് വകുപ്പിൻറെ നേതൃതചത്തിൽ നടന്ന കക്ക പുനരുജ്ജീവന പദ്ധതിക്ക്ശാസ്ത്ര – സാങ്കേതിക മേൽനോട്ടം വഹിച്ചത് സിഎംഎഫ്ആർഐയാണ്. കായലിൽ തണ്ണീർമുക്കം ബണ്ടിന് വടക്ക് ഭാഗത്ത് കീച്ചേരി, ചക്കത്തുകാട് എന്നീ പ്രദേശങ്ങളിലായി 20 ഹെക്ടറോളം ഭാഗത്ത് 2019 ൽ 200 ടൺ കക്ക കുഞ്ഞുങ്ങളെ നിക്ഷേപിച്ചാണ്പദ്ധതിക്കുടക്കമിട്ടത്. ഏകദേശം രണ്ട്വർഷത്തെ കാലയളവിനുള്ളിൽ ഈ ഭാഗങ്ങളിൽ കക്കയുടെ ഉൽപാദനം വർധിച്ചതായി കണ്ടെത്തി. കായലിന്റെ അടിത്തട്ടിൽ കക്ക ആവാസവ്യവസ്ഥ ശക്തിപ്പെടുത്താനും വികസിപ്പിക്കാനും സാധിച്ചതായി സിഎംഎഫ്ആർഐയിലെ വിദഗ്ദർ പറഞ്ഞു. ഭാവിയിലും ഈ പ്രദേശങ്ങളിൽ കക്കയുടെ ലഭ്യത കൂടാൻ ഇത് സഹായകരമാകും. കക്കയുടെ ലഭ്യതക്കുറവും മഹാമാരിയും മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമാണിതെന്ന് സിഎംഎഫ്ആർഐ മൊളസ്കൻ ഫിഷറീസ് വിഭാഗം മേധാവി ഡോ.പി .ലക്ഷ്മി ലത പറഞ്ഞു. തോട് കളഞ്ഞകക്ക ഇറച്ചി 150 രൂപയ്ക്കാണ്തൊഴിലാളികൾ വിപണിയിലെത്തിക്കുന്നത്

വേമ്പനാട് കായലിൽ നിന്നുള്ള കക്ക ലഭ്യത മുൻകാലങ്ങളിൽ 75000 ടണ്ണിന് മുകളിലുണ്ടായിരുന്നത് 2019ൽ 42036 ടണ്ണായി കുറഞ്ഞിരുന്നു. എന്നാൽ, ഈ പദ്ധതിയിലൂടെ കക്കയുടെ ഉൽപാദനം ഒരു പരിധിവരെയെങ്കിലും വർധിപ്പിക്കാനായി. ഇതിന്പുറമെ, കക്കവാരലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടെ വരുമാനം വർധിപ്പി ക്കാനും സാധിച്ചെന്ന്ഗവേഷണ പദ്ധതിക്ക് നേതൃത്വം നൽകി യ സിഎംഎഫ്ആർഐ സയന്റിസ്റ്റ് ഡോ ആർ വിദ്യ പറഞ്ഞു. അയ്യായിരത്തോളം പേരാണ് വേമ്പനാട്ടുകായലിൽ നിന്നും കക്കവാരി ഉപജീവനം നടത്തുന്നത്.